പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 208 കുടുംബങ്ങളാണ്.

(ബി) സൗത്ത് വയനാട്ടിൽ 183. നോർത്ത് വയനാട്ടിൽ 25.

(സി) ഇപ്പോഴത്തെ വയനാടൻചെട്ടി, കുറിച്യർ മുതലായവർക്ക് സാധാരണയായി പട്ടയാടിസ്ഥാനത്തിലാണ് ഭൂമി കൊടുക്കുന്നത്. എന്നാൽ കൊല്ലംതോറും ഒരു നിശ്ചിത സംഖ്യ അടച്ചു പട്ടയം പുതുക്കേണ്ടതുണ്ട്.

(ഡി) ഈ സ്ഥലങ്ങൾ സ്ഥിരം കൈവശമായി കൊടുത്താൽ അത്തരം ഭൂമികൾ കൈമാറുന്നതിനും അതുമൂലം വന സംരക്ഷണത്തിനു ബുദ്ധിമുട്ടുണ്ടാകുന്നതിനും ഇടയുണ്ട്. കൂടാതെ നിലവിലുള്ള പട്ടങ്ങൾകൊണ്ട് കൃഷിക്കാർക്ക് യാതൊരു ബുദ്ധിമുട്ടുമുള്ളതായി തോന്നുന്നില്ല. അതുകൊണ്ട് ഇന്നത്തെ നില തുടർന്നുപോകേണ്ടതാണെന്നു ഗവണ്മെന്റു കരുതുന്നു.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: സ്ഥിരമായി വളരെക്കാലമായി കൃഷിചെയ്തു താമസിക്കുന്നവരെ ഒഴിപ്പിക്കാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കാലാവധി തീർന്നവരെ ഒഴിപ്പിക്കണമെന്നുള്ള നടപടി ഇപ്പോൾ വേണ്ടെന്നു വച്ചിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻ : അടുത്തകാലംവരെ ഓരോ ഏക്കർ പതിച്ചുകൊടുക്കുകയും പിന്നീട് അതു തിരിച്ചു വാങ്ങുകയും ചെയ്യുകയാണ് പതിവു്. ഫോറസ്റ്റിൽ കൃഷിചെയ്യാനുള്ള ഭൂമി സ്ഥിരമായി അവർക്കു കൃഷിചെയ്യുന്നതിലേയ്ക്കു പതിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃഷിചെയ്യുന്ന ആളുകൾക്കുതന്നെ മാറി മാറി പതിച്ചുകിട്ടുന്നതിലാണ് താൽപ്പര്യം കാണിക്കുന്നത്. അവർതന്നെ വേറൊരാൾക്കു കൊടുക്കുകയും മറ്റു സ്ഥലത്തേയ്ക്കു മാറിപ്പോകുകയും ചെയ്യുന്നതായ അനുഭവം ഉണ്ട്.

ശ്രീ. ഒ. കോരൻ : ഗിരിവർഗ്ഗക്കാർക്കു പതിച്ചുകൊടുക്കുന്ന ഭൂമി മറ്റുള്ള ആളുകൾ കയ്യേറ്റം ചെയ്തു എടുക്കുന്നുവെന്ന പരാതി ലഭിക്കുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഏതോ ഒരു കേസിൽ അങ്ങനെയൊരു പരാതി ലഭിച്ചിട്ടുണ്ടെന്നാണ് ഓർമ്മ; അതേപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. ഇതു വളരെ കൂടുതൽ തോതിൽ നടക്കുന്നുവെന്നുള്ള പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൺകറന്റു ആഡിറ്റർമാർ.

* 351. [10] † ശ്രീ. എം. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺകറന്റു് ആഡിറ്റർമാരുടെ ശമ്പളം ചില സഹകരണ സംഘങ്ങൾക്ക് ഒരു ഭാരമായി തീർന്നിട്ടുണ്ടെന്നു വസ്തുത ഗവണ്മെൻറിന്റെയും ഡിപ്പാർട്ടുമെൻറിന്റെയും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഇതിനു് എത്രയും വേഗം പരിഹാരം കാണാൻ ദയവുണ്ടാകുമോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഉണ്ട്.

(ബി) ഇതു പരിഹരിക്കുവാനുള്ള മാർഗ്ഗങ്ങൾ ഡിപ്പാർട്ടുമെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്. ഇതിനുവേണ്ടിയുള്ള നടപടികൾ ത്വരിതപ്പെടുത്തിയിരിക്കുകയാണ്.

† Put by Shri P. Viswambharan.

LIBRARY ARCHIVES Kerala Legislative Assembly